പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 21 — 26.09.2011 ന് മറുപടിക്ക്

# ഭരണഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ

ചോദ്യം — ഉത്തരം

ശ്രീ. എ.പ്രദീപ് കുമാർ : — ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭരണഭാഷ മലയാളമാക്കുന്നതിന്റെ ഭാഗമായുള്ള നടപടികൾ ഇപ്പോൾ നടക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്തെ ഭരണഭാഷ പൂർണമായും മലയാളമാക്കുക എന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളിതുവരെയായി ഘട്ടം ഘട്ടമായി ഭരണഭാഷ മലയാളമാക്കിയ സർക്കാർ വകുപ്പുകൾ 72 ഉം സ്വയംഭരണ സ്ഥാപനങ്ങൾ 31 ഉം പൊതുമേഖലാ/ സഹകരണസ്ഥാപനങ്ങളുടെ വിഭാഗത്തിൽ വരുന്നവ 44 എണ്ണവും ഉണ്ട്. കൂടാതെ എല്ലാ വകുപ്പുകളിലെയും ഭാഷാ മാറ്റ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. പരിഭാഷാ സെല്ലുകളുടെ രൂപീകരണം, ഏകോപനാധികാരികളുടെ നിയമനം എന്നിവ നടക്കുന്നുണ്ട്. സർക്കാർ സ്ഥാപനങ്ങളുടെയും വാഹനങ്ങളുടെയും ബോർഡുകൾ മലയാളത്തിലാക്കിയിട്ടുണ്ട്. വകുപ്പുതല പദകോശത്തിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. മലയാളത്തിൽ ഫാറങ്ങൾ, രജിസ്റ്ററുകൾ തുടങ്ങിയവ അച്ചടിക്കുന്ന നടപടികൾ നടന്നു വരുന്നു. വെബ്സൈറ്റുകൾ മലയാളത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | മന്ത്രിമാർ ഫയലുകളിൽ ഉത്തരവിടുന്നത് മലയാളത്തിലാണോ ; മലയാളത്തിൽ മാത്രം ഉത്തരവിടുന്ന ഇപ്പോഴത്തെ മന്ത്രിമാർ ആരെല്ലാമാണ് ; | (ബി) | മന്ത്രിമാർ മലയാളത്തിൽ വരുന്ന ഫയലുകളിൽ മലയാളത്തിലും, ഇംഗ്ലീഷിൽ വരുന്ന ഫയലുകളിൽ ഇംഗ്ലീഷിലും ഉത്തരവിടാറുണ്ട്. |
| (സി) | സെക്രട്ടേയിയറ്റ് മാനുവലും റൂൾസ് ഓഫ് ബിസിനസും മലയാളത്തിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ ? | (സി) | സെക്രട്ടേറിയറ്റ് മാനുവലിന്റെ മലയാള പരിഭാഷയുടെ സൂക്ഷ്മ പരിശോധന നടന്നുവരികയാണ്. റൂൾസ് ഓഫ് ബിസിനസ് മലയാളത്തിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ